

ഡോ. എൻ.ഗോപകുമാർ
MS,MCh (Urology),FEBU,FRCS(Glas)
www.drgopakumarurology.com

യൂറോളജി & ആൻഡ്രോളജി

പുരുഷ ഹോർമോൺ കുറഞ്ഞാൽ

ഡോക്ടർ, അറുപത്തിനാലു വയസ്സുള്ള റിട്ടയേഡ് അധ്യാപകനാണു ഞാൻ. അടുത്ത കാലത്തായി അമിതമായ ക്ഷീണം അനുഭവപ്പെടുന്നതുമായി ബന്ധപ്പെട്ട് നടത്തിയ മെഡിക്കൽ ചെക്കപ്പിൽ രക്തത്തിൽ ടെസ്റ്റോസ്റ്റിറോണിന്റെ അളവ് വളരെ കുറവാണെന്നു കണ്ടെത്തി. ഇതിനെക്കുറിച്ച് ഒന്നു വിശദീകരിക്കാമോ?

ബാലചന്ദ്രൻ, കോട്ടയം

മനുഷ്യരിലും മറ്റു ജീവികളിലും കാണപ്പെടുന്ന ഒരു പ്രധാന പുരുഷ ലൈംഗിക ഹോർമോൺ ആണ് ടെസ്റ്റോസ്റ്റിറോൺ. സ്ത്രീകളിലും വളരെ ചെറിയ അളവിൽ ഇത് ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. ടെസ്റ്റോസ്റ്റിറോൺ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയരാകുന്ന പുരുഷന്മാരുടെ എണ്ണത്തിൽ മൂന്നിരട്ടിയോളം വർധനയുണ്ട് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ, ടെസ്റ്റോസ്റ്റിറോൺ ചികിത്സയ്ക്കു വിധേയരാകുന്നവരിൽ ഇരുപത്തിയഞ്ചു ശതമാനം ആളുകളും കൃത്യമായ പരിശോധനയോ രോഗനിർണയമോ നടത്താതെയാണ് ചികിത്സയിലേക്കു കടക്കുന്നത് എന്ന് ചില പഠനങ്ങൾ തെളിയിക്കുന്നു. ആവശ്യമില്ലാതെ ടെസ്റ്റോസ്റ്റിറോൺ കുത്തിവയ്പ് എടുക്കുന്നവരുടെ എണ്ണവും കുറവല്ല.

വിളർച്ച, എല്ലുകൾക്ക് തെയ്മാനം, പ്രമേഹം, ക്ഷീണം, കാഴ്ചക്കുറവ്, മാനസികപ്രശ്നങ്ങൾ, ഓർമക്കുറവ്, വൈകാരിക പ്രശ്നങ്ങൾ, വന്ധ്യത, ലൈംഗികബന്ധത്തിൽ താൽപര്യക്കുറവ്, ലൈംഗിക ശേഷിക്കുറവ് തുടങ്ങിയവ ടെസ്റ്റോസ്റ്റിറോണിന്റെ അളവ് കുറവാകാം എന്നതിന്റെ സൂചനയാണ്. രണ്ടു ദിവസങ്ങളിലായി അതിരാവിലെയുള്ള രക്തപരിശോധനയിലൂടെയാണ് ടെസ്റ്റോസ്റ്റിറോണിന്റെ അളവ് പരിശോധിക്കുന്നത്. മൂന്നിൽ താഴെയാണ് അളവെങ്കിൽ ചികിത്സ തേടണം. റേഡിയേഷനോ കീമോതെറപ്പിയോ ചെയ്യുന്നവർ, എച്ച്ഐവി ബാധിതർ, മയക്കുമരുന്ന് ഉപയോഗിക്കുന്നവർ, ദീർഘകാലമായി സ്റ്റീറോയ്ഡ് മരുന്നുകൾ കഴിക്കുന്നവർ മുതലായവരിൽ ടെസ്റ്റോസ്റ്റിറോണിന്റെ അളവ് കുറവായിരിക്കാൻ സാധ്യതയുണ്ട്. ടെസ്റ്റോസ്റ്റിറോണിന്റെ അളവു കുറഞ്ഞവർക്ക് ഹൃദ്രോഗം, പക്ഷാഘാതം മുതലായ രോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. കുത്തിവയ്പ്, തൊലിയിൽ പുരട്ടുന്ന ജെൽ എന്നിങ്ങനെ പല തരത്തിൽ ടെസ്റ്റോസ്റ്റിറോൺ ചികിത്സ ലഭ്യമാണ്. ടെസ്റ്റോസ്റ്റിറോൺ ചികിത്സയ്ക്കു മുൻപ് രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവും പരിശോധിക്കണം. ടെസ്റ്റോസ്റ്റിറോൺ കുത്തിവയ്പ് ഹീമോഗ്ലോബിന്റെ അളവ് കാര്യമായി വർധിപ്പിക്കുന്നു. ഹൃദ്രോഗികളായ പുരുഷന്മാർ ഹൃദ്രോഗം ഉണ്ടായി 3 മുതൽ 6 മാസത്തിനുള്ളിൽ ടെസ്റ്റോസ്റ്റിറോൺ ചികിത്സയെടുക്കാൻ പാടില്ല.

40 വയസ്സിനു മുകളിൽ പ്രായമുള്ള പുരുഷന്മാർ ടെസ്റ്റോസ്റ്റിറോൺ ചികിത്സയ്ക്കു മുൻപ് രക്തത്തിലെ PSA (prostate specific antigen) യുടെ അളവ് പരിശോധിക്കണം. ■

Marketing Feature
Full Page ADVT